# മഹാത്മാഗാന്ധി സർവ്വകലാശാല

പുറത്തെഴുത്ത് നം.53443/AC A1-3/2022/ACAD                    തീയതി:06.07.2022

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 04.08.2021 മുതൽ 13.10.2021 വരെ ഓൺലൈനായി ക്ലാസുകൾ പൂർത്തിയാക്കിയ അദ്ധ്യാപകർക്ക് വർക്ക് ഫ്രം ഹോം അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉന്നത വിദ്യാഭ്യാസ(കെ) വകുപ്പിൽ നിന്നും പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്, **സ.ഉ.(സാധാ) നം.488/2022/HEDN തീയതി 26.03.2022**, മിനിറ്റ്സ് ഇനം നം.161/22.04/53443/ACA1-3/2022 തീയതി. 18.06.2022 പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദയകുമാർ ജി.
അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. അഫിലിയേറ്റഡ് കോളേജുകൾ / പഠനവകുപ്പുകൾ
2. വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ / പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4. എ.ആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
5. പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി /കണ്ടെന്റ് മാനേജ്മെന്റ്/യൂണിവേഴ്സിറ്റി വെബ്സൈറ്റ്
6. എ സി എ 1/ എസ് എസ് I /എസ് എസ് II/എ.സി.ഡി/ഐ.റ്റി സെൽ /എ.റ്റി.ആർ
7. റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

Draft #3 of File 53443/AC A1-3/2022/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 13-Jul-2022 08:07 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

"ഭരണഭാഷ- മാതൃഭാഷ"

Break the Chain

കേരള സർക്കാർ

സംഗ്രഹം

ഉന്നതവിദ്യാഭ്യാസം - കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 04.08.2021 മുതൽ 13.10.2021 വരെ ഓൺലൈനായി ക്ലാസുകൾ പൂർത്തിയാക്കിയ അധ്യാപകർക്ക് വർക്ക് ഫ്രം ഹോം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.488/2022/HEDN തീയതി,തിരുവനന്തപുരം, 26-03-2022

പരാമർശം:-

1. 17.09.2021-ലെ സ.ഉ.(സാധാ) നം. 1228/2021/ഉ.വി.വ നം.
2. 13-10-2021 ലെ സ.ഉ(സാധാ)നം.1374/2021/ഉ.വി.വ നം. ഉത്തരവ്
3. 13-10-2021 ലെ സ.ഉ.(സാധാ)നം 683/2021/ഡി.എം.ഡി.നം.ഉത്തരവ്
4. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 10-01-2022 ലെ EC3/40872/21/ഡി.ടി.ഇ. നം .കത്ത്
5. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 5-01-2022 ലെ A1/42225/2021 നം. കത്ത്.

ഉത്തരവ്

'കോവിഡ് 19' മായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ ഇളവുകൾ അനുവദിച്ച സാഹചര്യത്തിൽ, സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ 04-10-2021 മുതൽ തുറന്ന് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ഒരു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള അമ്മമാർ, ഗർഭിണികൾ, അപകടകരമായ രോഗങ്ങൾ ബാധിച്ചവർ എന്നീ വിഭാഗങ്ങളിൽപെട്ട അധ്യാപക, അനധ്യാപക ജീവനക്കാരെ, വർക്ക് ഫ്രം ഹോം വ്യവസ്ഥയിൽ തുടരാൻ അനുവദിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു. തുടർന്ന് സംസ്ഥാനത്തെ പ്രഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ 18-10-2021 മുതൽ പൂർണ്ണമായും തുറന്നു പ്രവർത്തിക്കുന്നതിനുള്ള പൊതുമാനദണ്ഡങ്ങൾ പരാമർശം (2) പ്രകാരം പുറപ്പെടുവിക്കുകയും, പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 9-ൽ അധ്യാപക, അനധ്യാപക ജീവനക്കാർ കോളേജുകളിൽ ഹാജരാകേണ്ടതാണെന്ന് നിഷ്കർഷിക്കുകയും ചെയ്തിരുന്നു. എന്നാൽ സംസ്ഥാനത്ത് കോവിഡ് വ്യാപന പശ്ചാത്തലത്തിൽ ഒരു വിഭാഗം ജീവനക്കാർക്ക് "വർക്ക് ഫ്രം ഹോം" വ്യവസ്ഥയിൽ ജോലി നോക്കുവാൻ നൽകിയിരുന്ന ഇളവുകൾക്ക് 04.08.2021 വരെ മാത്രമേ പ്രാബല്യമുള്ളൂ എന്ന് വ്യക്തമാക്കി പരാമർശം (3) പ്രകാരം ദുരന്ത നിവാരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ 05.08.2021 മുതൽ 13.10.2021 വരെയുള്ള കാലയളവിൽ വർക്ക് ഫ്രം ഹോം വ്യവസ്ഥയിൽ ജോലി നോക്കിയ അദ്ധ്യാപകർക്ക് പ്രസ്തുത കാലയളവിലേയ്ക്ക് വർക്ക് ഫ്രം ഹോം അനുവദിച്ചു നൽകുന്നതു സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറും കോളേജ് വിദ്യാഭ്യാസ ഡയറക്ടറും പരാമർശം (4) -ഉം ,

Draft #3 of File 53443/AC A1-3/2022/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 13-Jul-2022 08:07 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(5)-ഉം പ്രകാരം സ്പഷ്ടീകരണം തേടിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ, 04.08.2021 മുതൽ 13.10.2021 വരെ ഓൺലൈനായി ക്ലാസുകൾ പൂർത്തിയാക്കിയ അധ്യാപകർക്ക്, പ്രിൻസിപ്പൽമാരുടെ സാക്ഷ്യപത്രത്തിന്റ അടിസ്ഥാനത്തിൽ, "വർക്ക് ഫ്രം ഹോം" അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജുകുമാർ എൻ
ജോയിന്റ് സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം
4. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്,പേട്ട,തിരുവനന്തപുരം.
5. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
6. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, ആനത്തറ ലെയ്ൻ, ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3
7. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/ തൃശ്ശൂർ/ എറണാകുളം/കോഴിക്കോട്
8. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/കണ്ണൂർ സർവ്വകലാശാല, കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, നുവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി. പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം/ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, കരീപ്പുഴ, കൊല്ലം.
9. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
10. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂമീഡിയ)
11. നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
12. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

Draft #3 of File 53443/AC A1-3/2022/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 13-Jul-2022 08:07 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം